# സാന്തോം വോയ്സ്

പത്തനംതിട്ട ഭദ്രാസന ബുള്ളറ്റിൻ

വാല്യം : 4 ലക്കം : 6 2014 ജൂലൈ



ദൈവദാസൻ മാർ ഈവാനിയോസ് പിതാവേ
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ....

## മാർ ഈവാനിയോസ് പിതാവിന്റെ കബറിടം തുറന്നു


മാർ ഈവാനിയോസ് പിതാവിന്റെ ഭൗതീകശേഷിപ്പുമായുള്ള പ്രദക്ഷിണം


മാർ ഈവാനിയോസ് പിതാവിന്റെ ഭൗതീകശേഷിപ്പിന്റെ ദർശനം കത്തീഡ്രലിൽ



# സാന്തോം വോയ്സ്


## പത്തനംതിട്ട ഭദ്രാസന ബുള്ളറ്റിൻ

TO LOVE GOD AND NEIGHBOUR

വാല്യം 4 ജൂലൈ 2014 ലക്കം 6


ജൂലൈ 3

# St. Thomas Day



***Pray for Us***

Published By:
Rev. Dr. Geevarghese Chediath (Chancellor), Eparchy of Pathanamthitta
Chief Editor: Rev. Fr. Prince Koickal



# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004


Prot No CCL 2/2014

## 61-ാം മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാൻച്ചമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കരയിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ ജനയിതാവും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ മേലദ്ധ്യക്ഷനും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ഒന്നാമത്തെ മെത്രാപ്പൊലിത്തൻ ആർച്ച്ബിഷപ്പുമായിരുന്ന ഭാഗ്യസ്മരണാർഹനും ദൈവദാസനുമായ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ 61-ാമത് ഓർമ്മപ്പെരുന്നാൾ 2014 ജൂലൈ 15-ാം തീയതി തിരുവനന്തപുരം പട്ടം സെന്റ് മേരീസ് ദൈവാലയത്തിൽ ആഘോഷിക്കുകയാണ്. ജൂലൈ 1 മുതൽ 14 വരെയുള്ള ദിനങ്ങളിൽ പ്രഭാതംമുതൽ സന്ധ്യവരെ കബറിങ്കൽ പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെടുന്നതാണ്. ജൂലൈ 15-ാം തീയതി രാവിലെ 8 മണിക്ക് പ്രഭാതപ്രാർത്ഥനയും വി. സമൂഹബലിയും ഉണ്ടായിരിക്കുന്നതാണ്. റോമിലെ പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി ആർച്ച്ബിഷപ്പ് സിറിൽ വസീൽ തിരുമേനി ഈ വർഷത്തെ മുഖ്യാതിഥിയായി ഓർമ്മപ്പെരുന്നാളിൽ സംബന്ധിക്കുന്നതാണെന്ന വിവരം സസന്തോഷം ഏവരേയും അറിയിക്കുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികളുടെ ഭാഗമായി ജൂൺ 23-ന് വന്ദ്യ പിതാവിന്റെ കബർ തുറക്കുകയും കാനോനിക പരിശോധന നടത്തുകയും അതേ കബറിൽത്തന്നെ പിതാവിന്റെ ഭൗതികശേഷിപ്പ് അടക്കം ചെയ്യുകയും ചെയ്തു. രാവിലെ 6.30-ന് വി. കുർബാനയോടെ ആരംഭിച്ച ശുശ്രൂഷയും നടപടി ക്രമങ്ങളും രാത്രി 8 മണിയോടെ സമാപി



ച്ചു. നമ്മുടെ സഭയിലെ 13 പിതാക്കന്മാരും ധാരാളം ബ. വൈദികരും സിസ്റ്റേഴ്സും പതിനായിരത്തിൽപരം വിശ്വാസികളും ചടങ്ങിൽ സംബന്ധിക്കുകയുണ്ടായി. നമ്മുടെ സഭയിൽ ഈ കബർ തുറക്കൽ ആത്മീയമായ വലിയ ചൈതന്യം പകർന്നുവെന്നത് സത്യമാണ്. നമ്മുടെ പുണ്യപിതാവിനെ എത്രയുംവേഗം ഒരു വിശുദ്ധനായി തിരുസഭയിൽ പ്രഖ്യാപിക്കുന്നതിന് നമുക്കേവർക്കും മുട്ടിപ്പായി ദൈവത്തോട് പ്രാർത്ഥിക്കാം. അതിനായി നിങ്ങളെ ഏവരേയും ഞാൻ സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു.


കബർ തുറന്നതിനുശേഷമുള്ള ആദ്യത്തെ ഓർമ്മപ്പെരുന്നാൾ എന്ന നിലയിൽ 2014 ജൂലൈ 15 പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു. ആയതിനാൽ ജൂലൈ 15-ന്റെ വിശുദ്ധസമൂഹബലിയിലും ധൂപപ്രാർത്ഥനയിലും ഉച്ചയ്ക്കത്തെ നേർച്ചയിലും എല്ലാവരും വന്ന് സംബന്ധിക്കുവാൻ ഏറെ സ്നേഹത്തോടെ ഞാൻ ക്ഷണിക്കുന്നു.

ജൂലൈ 10-ന് പ്രധാന പദയാത്ര റാന്നി-പെരുന്നാട്ടിൽനിന്ന് നമ്മുടെ സഭാതല എം.സി.വൈ.എം. സമിതി നേതൃത്വം നൽകി നയിക്കുന്നതാണ്. മാവേലിക്കരയിൽനിന്നും കന്യാകുമാരിയിൽനിന്നും തിരുവല്ലായിൽനിന്നും കബറിങ്കലേക്ക് തീർത്ഥാടന പദയാത്ര ഉണ്ടായിരിക്കുന്നതാണ്. ഭക്തിപൂർവ്വം ഈ തീർത്ഥാടന പദയാത്രയിൽ കൂടുതൽപേർ പങ്കെടുക്കണമെന്ന് സ്നേഹത്തോടെ ഞാൻ ഓർമ്മപ്പെടുത്തുന്നു. തീർത്ഥാടന പദയാത്രയിൽ സഞ്ചരിക്കുമ്പോൾ നോമ്പിന്റെ അരൂപി കാത്തുസൂക്ഷിക്കേണ്ടതാണ്.

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,


കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ

30.06.2014
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

N.B.: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



# ഓർമ്മപ്പെരുന്നാൾ ആചരണം

**ജൂലൈ 1 മുതൽ 14 വരെ**

9 a.m.-5 p.m. : കബറിങ്കൽ പ്രാർത്ഥനാ ശുശ്രൂഷകൾ

5.15 p.m. : സന്ധ്യാനമസ്ക്കാരം

5.30 p.m. : വി. കുർബാന

**ജൂലൈ 9 (ബുധൻ)**

7.30 a.m. : മാവേലിക്കരയിൽ നിന്നുള്ള പദയാത്ര ആരംഭിക്കുന്നു

**ജൂലൈ 10 (വ്യാഴം)**

8 a.m. : പെരുന്നാട്ടിൽനിന്നുള്ള പ്രധാന പദയാത്ര ആരംഭിക്കുന്നു.

2.30 p.m. : തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ നിന്നുള്ള പദയാത്ര ആരംഭിക്കുന്നു

**ജൂലൈ 13 (വെള്ളി)**

8.30 a.m. : മാർത്താണ്ഡത്തുനിന്നുള്ള പദയാത്ര ആരംഭിക്കുന്നു.

**ജൂലൈ 14 (തിങ്കൾ)**


5 p.m. : പെരുന്നാട്ടിൽനിന്നുള്ള പ്രധാന തീർത്ഥാടന പദയാത്രികർ കബറിങ്കൽ എത്തിച്ചേരുന്നു
സന്ധ്യാപ്രാർത്ഥന
കബറിങ്കൽ ധൂപപ്രാർത്ഥന
മെഴുകുതിരി പ്രദക്ഷിണം

**ജൂലൈ 15 (ചൊവ്വ)**

8 a.m. : പ്രഭാത പ്രാർത്ഥന
ആഘോഷമായ പൊന്തിഫിക്കൽ കുർബാന
(വി. സമൂഹബലി)

11 a.m. : അനുസ്മരണ പ്രഭാഷണം

11.30 a.m. : കബറിങ്കൽ ധൂപപ്രാർത്ഥന
നേർച്ച ഊണ്






# മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധി

എന്തിലാണ് ഒരാളുടെ വിശുദ്ധി അടങ്ങിയിരിക്കുന്നത്? ദൈവഹിതം നിറവേറ്റുന്നതിൽ. ഒരാളുടെ മനുഷ്യജന്മത്തിലൂടെ അയാൾ എന്തു ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ, ദൈവം നിശ്ചയിക്കുന്നുവോ, അത് ദൈവികമായി നിർവഹിക്കുന്നതാണ് ആ വ്യക്തിയെ സംബന്ധിച്ച്, അയാളുടെ വിശുദ്ധി. "ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ"എന്ന് ഭാഗ്യവതിയായ മറിയം ഉച്ചരിക്കുകയും അത് നടപ്പാക്കാൻ പൂർണമായി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു. അതാണ് അവളുടെ വിശുദ്ധി. കൃപാപൂർണയായ അമ്മ ലോകരക്ഷകനെ പ്രസവിച്ച് വളർത്തി, ക്രൂശിൻ ചുവട്ടിൽ നിന്നുകൊണ്ട് പരമപിതാവിന് സമർപ്പിച്ചു. ദൈവഹിതം ദൈവം നൽകുന്ന കൃപ അനുസരിച്ച്, പൂർണമായി നിറവേറ്റുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നതെങ്കിൽ, മാർ ഈവാനിയോസ് പിതാവ് എന്ത് ദൈവഹിതമാണ് നിറവേറ്റിയത് എന്ന് ആരായാം. "എല്ലാവരും ഒന്നാകുക" എന്നതാണ് കർതൃഹിതം. മനുഷ്യകുലത്തെ തന്നിൽ ഒന്നിപ്പിച്ച് നവീകരിക്കുന്നതിനും പൂർണമാക്കുന്നതിനും മനുഷ്യപുത്രൻ ആഗതനായി. എന്നാൽ കാലാകാലങ്ങളിൽ ദൈവജനത്തിന്റെ ഇടയിൽ പിളർപ്പുണ്ടായി. സഭാഗാത്രത്തിൽ മുറിവുകളുണ്ടായി. വ്യത്യസ്ത സാഹചര്യത്തിലാണെങ്കിലും, അതിന്റെ അലയടികൾ ഭാരതത്തിലെ നസ്രാണിസഭയിലും ഉണ്ടായി. പതിനേഴ് നൂറ്റാണ്ട് ഏകയോഗമായി കഴിഞ്ഞ ഭാരതത്തിലെ സഭയിൽ പിളർപ്പും ഉൾപ്പിരിവുകളും ഉണ്ടായി. ക്രിസ്തുനാഥന്റെ തിരുഹിതത്തിന് വിരുദ്ധമായി പരസ്പരവിദ്വേഷവും കലഹവും കോടതിക്കേസുകളും സ്നേഹരാഹിത്യവും എതിർസാക്ഷ്യവും ഉണ്ടായി. "വട്ടിപ്പണക്കേസ് " എന്ന് അറിയപ്പെട്ട കേസ് പല കോടതികളിൽ കൂടി കടന്നു.

കേരളത്തിലെ നസ്രാണിസമൂഹത്തിലെ പുത്തൻകൂർവിഭാഗം സാർവത്രിക കൂട്ടായ്മയിൽ നിന്ന് അകന്നുപോയ ചരിത്രവും, സഭയെപ്പറ്റി ക്രിസ്തുനാഥനുണ്ടായിരുന്ന ദർശനവും വിചിന്തനവിധേയമാക്കിയ എം.ഏ.അച്ചൻ എന്നറിയപ്പെട്ടിരുന്ന മാർ ഈവാനിയോസ് പിതാവ് ഇതിനു പരിഹാരം കാണാൻ ശ്രമിച്ചത് ആന്തരിക നവീകരണത്തിലൂടെയാണ്. അതിനായി അദ്ദേഹം പത്തനംതിട്ട ജില്ലയിൽ, റാന്നി-പെരുനാട്ടിൽ ബഥനി സന്ന്യാസപ്രസ്ഥാനം ആരംഭിച്ചു. അദ്ദേഹത്തിന്റെ പ്രാർഥനയും പഠനവും പരിശുദ്ധാത്മാവിനോടുള്ള തുറവിയും അദ്ദേഹത്തെ സത്യം കണ്ടെത്താൻ സഹായിച്ചു. എന്തായിരുന്നു അദ്ദേഹം കണ്ടെത്തിയ സത്യം?

ക്രിസ്തുനാഥന്റെ സഭ ഏകമാണ്. ആ സഭയിൽ നിന്ന് വിവിധ കാരണങ്ങളാൽ കാലാകാലങ്ങളിൽ ആളുകൾ മാറി ചെറിയ സഭാസമൂഹങ്ങൾ രൂപീകരിച്ച്, ദൈവ



ജനത്തെ ദൈവത്തിന്റെ സഭയിൽ നിന്ന് അടർത്തിമാറ്റിയിട്ടുണ്ട്. അത് വലിയ പാപമാണ്. യേശുക്രിസ്തുവിന്റെ നാമത്തിൽ യേശുനാമധാരികൾ ഒന്നിക്കണം. മറിച്ചുള്ളത് എതിർസാക്ഷ്യവും തകർച്ചയ്ക്കുള്ള പാതയുമാണ്. ഈ സത്യം അദ്ദേഹം കണ്ടെത്തി.

പത്രോസ് അധ്യക്ഷനായിരുന്ന ശിഷ്യസമൂഹം ഏകയോഗമായി കർത്താവിന്റെ ഏകസഭയ്ക്ക് ശുശ്രൂഷ ചെയ്തതുപോലെ, ഇന്നും ക്രിസ്ത്യാനികൾ ഒന്നായി തീരണം. മനുഷ്യകുലത്തെ മുഴുവൻ യേശുക്രിസ്തുവിൽ ഒന്നിപ്പിക്കണം. അതിനായി ഒന്നിച്ചു പ്രവർത്തിക്കണം. പത്രോസിന്റെ പിൻഗാമിയായ റോമാ മാർപാപ്പാ അധ്യക്ഷനായുള്ള കത്തോലിക്കാ സഭയുമായുള്ള സമ്പൂർണവും ദൃശ്യവും കാനോനികവുമായ കൂട്ടായ്മ സഭാവ്യക്തിത്വത്തിനും സഭാപൂർണതയ്ക്കും അപരിത്യാജ്യമാണെന്ന സത്യത്തിൽ അദ്ദേഹം എത്തിച്ചേർന്നു. പതിനേഴ് നൂറ്റാണ്ട് ഒന്നിച്ചു നിന്ന നസ്രാണിസമൂഹം, റോമാസഭാധ്യക്ഷന്റെ നേതൃത്വം സ്വീകരിച്ച്, വീണ്ടും ഒന്നാകണം. റോമാമെത്രാനെ മാറ്റിനിർത്തിക്കൊണ്ട് വേർപെട്ട ക്രിസ്ത്യാനികളുടെ സമ്പൂർണ കൂട്ടായ്മ അസാധ്യമാണെന്ന് അദ്ദേഹം ഗ്രഹിച്ചു. അദ്ദേഹത്തിന് അത് ബോധ്യപ്പെട്ടു.

പരിശുദ്ധാത്മാവ് ബഥനിയുടെ മാർ ഈവാനിയോസ് പിതാവിന് ഒരു ദിവ്യപ്രകാശം നൽകി. നസ്രാണികളുടെ പുത്തൻകൂർ സമൂഹം റോമാ മാർപാപ്പായുടെ നേതൃത്വം അംഗീകരിച്ച്, കാതോലിക കൂട്ടായ്മ പൂർണമാക്കണം. എങ്കിലേ ഈ സമൂഹത്തിൽ ശാശ്വതമായ സമാധാനവും ഐശ്വര്യവും ദൗത്യനിർവഹണവും സാധ്യമാകൂ. ഈ ദൗത്യനിർവഹണത്തിന് ദൈവം തന്നെ വിളിക്കുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. തനിക്കു ലഭിച്ച വിളിക്കനുസൃതം അദ്ദേഹം ഇറങ്ങിപ്പുറപ്പെട്ടു. "താൻ എവിടേക്ക് പുറപ്പെടുന്നു എന്ന് അറിയാതിരിക്കെ ഇറങ്ങിപ്പുറപ്പെട്ട" അബ്രഹാമിനെപ്പോലെയായിരുന്നു ആ യാത്ര.


ഇതാണ് തന്റെ വിളി, ഇതാണ് ദൈവഹിതം, ഇതാണ് തന്നിൽ നിന്ന് ദൈവം ആവശ്യപ്പെടുന്നത് എന്ന് ഗ്രഹിച്ചുകഴിഞ്ഞപ്പോൾ, ഭാവിയെപ്പറ്റിയോ, കഷ്ടനഷ്ടങ്ങളെ പറ്റിയോ ഒന്നും ചിന്തിക്കാതെ, ദൈവതിരുമനസ്സിന് അദ്ദേഹം പൂർണമായി കീഴടങ്ങി. ഈ ദൗത്യത്തിന് തന്നെത്തന്നെ പൂർണമായി കലവറ കൂടാതെ സമർപ്പിച്ചു. ആ സമർപ്പണം ദൈവം സ്വീകരിച്ചു. എതിർപ്പുകളുടെ മധ്യത്തിൽ, ഇല്ലായ്മയുടെ മധ്യത്തിൽ, അനിശ്ചിതത്വത്തിന്റെ മധ്യത്തിൽ അദ്ദേഹം പതറാതെ, താൻ ശ്രവിച്ച ദിവ്യസ്വരത്തെ പിൻചെന്നു. ക്രൂശിൻ ചുവട്ടിൽ നിന്ന ആ അമ്മയെപ്പോലെ സമർപ്പണം പൂർത്തിയാക്കി.

അതിന്റെ ഫലമായി റോമാസഭയുമായുള്ള സമ്പൂർണ കൂട്ടായ്മ പുനഃസ്ഥാപിച്ചു. സന്മനസ്സുള്ളവർക്കെല്ലാം അദ്ദേഹം പാത തെളിച്ചു. അതോടൊപ്പം സുവിശേഷ പ്രഘോഷണത്തിനുള്ള ഒരു വലിയ അഭിവാഞ്ച മാർത്തോമാ നസ്രാണികളിൽ അനേകർക്ക് നൽകുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. ക്രിസ്തുനാഥനെ അറിയാത്ത അനേകായിരങ്ങളുടെ ഇടയിൽ സദ്വാർത്ത എത്തിക്കാൻ അദ്ദേഹം നേതൃത്വം നൽകി. സകലരാലും അവഗണിക്കപ്പെട്ടു കിടന്ന അനേകരെ പ്രത്യാശയിലേക്കും നവജീവനിലേക്കും ജീവജലത്തിന്റെ അരുവിയിലേക്കും അദ്ദേഹം എത്തിച്ചു.

തന്റെ ദൗത്യം പൂർത്തിയാക്കി 1953 ജൂലൈ 15-ന് അദ്ദേഹം കർതൃമഹത്വത്തിലേക്ക് കടന്നു. സ്വർഗീയപിതാവിന്റെ സവിധത്തിൽ ഇരുന്നുകൊണ്ടുള്ള അദ്ദേഹത്തിന്റെ മാധ്യസ്ഥ്യാപേക്ഷയാണ് മലങ്കര കത്തോലിക്കാസഭയുടെ അഭൂതപൂർവമായ വളർച്ചയ്ക്കും പുരോഗതിക്കും കാരണം. "ഞാൻ സ്വർഗത്തിൽ എത്തുമ്പോൾ പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കും" എന്ന വാഗ്ദാനം അദ്ദേഹം പൂർത്തീകരിച്ചുകൊണ്ടിരിക്കയാണ്. തന്നെപ്പറ്റിയുള്ള ദൈവഹിതം നിറവേറ്റി എന്ന സന്തുഷ്ടിയോടെ അദ്ദേഹം ഇന്നും നമ്മുടെ ഇടയിൽ ജീവിക്കുന്നു. അദ്ദേഹത്തിന്റെ വിശുദ്ധിക്ക് ഇതിനേക്കാൾ വലിയ മറ്റെന്തു തെളിവു വേണം?


**ഫാ. ഗീവർഗീസ് ചേടിയത്ത്**

# ദൈവപരിപാലനയുടെ 70 വർഷങ്ങൾ...




ജറമിയാ പ്രവാചകന്റെ പുസ്തകം 17-ാം അദ്ധ്യായത്തിൽ കർത്താവിൽ ആശ്രയിക്കുന്നവനെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. അവൻ ആറ്റുതീരത്ത് നട്ട മരം പോലെയാണ്. വെള്ളത്തിലേക്ക് വേരൂന്നിയിരിക്കുന്നു. അത് വേനൽക്കാലത്തെ ഭയപ്പെടുന്നില്ല. അതിന്റെ ഇലകൾ എന്നും പച്ചയാണ്. വരൾച്ചയുടെ കാലത്തും അതിന് ഉത്കണ്ഠയില്ല. അത് ഫലം നൽകിക്കൊണ്ടേയിരിക്കും . (ജറ 17:7-8). സപ്തതി നിറവിലായിരിക്കുന്ന പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭി.യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ ജീവിതവുമായി സാമ്യമുള്ള വാക്കുകൾ. കർത്താവിനെ മുറുകെപിടിച്ചുകൊണ്ടുള്ള അഭി. പിതാവിന്റെ ജീവിതം, ദൈവപരിപാലനയുടെ 70 വർഷങ്ങളാകുന്നു.


പടയണി ഗ്രാമമായ കടമ്മനിട്ടയിലെ കല്ലൂർ വീട്ടിൽ ശ്രീ.മാത്തൻ ഏബ്രഹാമിന്റെയും ഏലിയാമ്മയുടെയും പത്ത് മക്കളിൽ മൂന്നാമന് യോഹന്നാൻ എന്ന് മാമോദീസാ പേര് നൽകപ്പെട്ടു. ആ ആൺകുഞ്ഞാണ് പിന്നീട് ഫാ.ജോൺ കല്ലൂരും യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുമായി മാറിയത്. ചെറുപ്പം മുതലേ അദ്ദേഹം ദൈവാലയ കാര്യങ്ങളിൽ തല്പരനായിരുന്നു. മാതാപിതാക്കളുടെ ദൈവാശ്രയബോധം ആയിരുന്നു എന്നും കൈമുതൽ. പ്രാഥമിക വിദ്യാഭ്യാസം വല്ല്യയന്തി എം.എസ്.സി. എൽ.പി സ്ക്കൂളിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസം കടമ്മനിട്ട ഗവൺമെന്റ് ഹൈസ്ക്കൂളിലും പൂർത്തിയാക്കി. തുടർന്ന് തന്റെ ദൈവവിളി തിരിച്ചറിഞ്ഞ്, മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ഒരു വൈദികനാകണമെന്ന ആഗ്രഹവുമായി പട്ടം സെന്റ് അലോഷ്യസ് സെമിനാരിയിൽ ചേർന്നു.



പട്ടം സെന്റ്.അലോഷ്യസ് സെമിനാരിയിലും തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കിയ കല്ലൂർ ശെമ്മാശൻ 1973 മെയ് 6 ന് കടമ്മനിട്ടയിൽവച്ച് ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. തിരുവനന്തപുരം അതിരൂപതയുടെ തെക്കൻ മേഖലകളിൽ മിഷൻ പ്രദേശങ്ങളിലായിരുന്നു ജോണച്ചൻ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചത്. ബാലരാമപുരത്ത് താമസിച്ചുകൊണ്ട് വെണ്ണിയൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ത്യാഗനിർഭരമായ പൗരോഹിത്യ ശുശ്രൂഷ ജോണച്ചൻ നിർവഹിച്ചു. മിഷൻ പ്രദേശങ്ങളിൽ സുവിശേഷത്തിന്റെ ദീപ്തി പരത്താൻ ജോണച്ചന്റെ ശുശ്രൂഷക്ക് സാധിച്ചു. കുഷ്ഠരോഗികളുടെ ഇടയിലായിരുന്നു തുടർന്നുള്ള നിയമനം. പിരപ്പൻകോട് സെന്റ് ജോൺസ് ആശുപത്രിയുടെ ഡയറക്ടറും സമീപപ്രദേശങ്ങളിലെ ദൈവജനത്തിന്റെ ആത്മീയപിതാവുമായി ജോണച്ചൻ മാറി. കല്പിക്കപ്പെട്ടവയെല്ലാം ചെയ്തതിനുശേഷം ഞങ്ങൾ പ്രയോജനമില്ലാത്ത ദാസൻമാരാണ്, കടമ നിർവഹിച്ചതെയുള്ളു (ലൂക്കാ 17:10) എന്നു പറയാൻ പഠിപ്പിച്ച ഗുരുനാഥന്റെ ഉത്തമശിഷ്യനായി, ജോണച്ചൻ തന്റെ ജീവിതം പൂർണമായും ദൈവത്തിന് സമർപ്പിച്ചു.

അമേരിക്കൻ ഐക്യനാടുകളിലെ മലങ്കര കത്തോലിക്കാ വിശ്വാസികളുടെ സമൂഹത്തെ രൂപപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം ഗ്രിഗോറിയോസ് തിരുമേനി ഏൽപ്പിച്ചത് ജോൺ കല്ലൂർ അച്ചനെ ആയിരുന്നു. ശൂന്യതയിൽനിന്ന് എല്ലാം ആരംഭിക്കേണ്ട അവസ്ഥ. പ്രതിസന്ധികളും വെല്ലുവിളികളും ദൈവത്തിൽ അർപ്പിച്ച് ശുശ്രൂഷ നടത്തിയപ്പോൾ, അമേരിക്കയിലെ മലങ്കര കത്തോലിക്കാ കൂട്ടായ്മയ്ക്ക് ശക്തമായ അടിത്തറ പണിയുവാൻ കല്ലൂർ അച്ചന്റെ ശുശ്രൂഷയ്ക്ക് കഴിഞ്ഞു. നാട്ടിലെത്തിയപ്പോൾ, ഗ്രിഗോറിയോസ് പിതാവിന്റെ അന്ത്യനാളുകളിൽ പിതാവിനൊപ്പം ആയിരിക്കുവാനും പിതാവിന് വേണ്ട ശുശ്രൂഷ ചെയ്യുവാനും കല്ലൂരച്ചന് കഴിഞ്ഞു. തുടർന്ന് അമേരിക്കയിൽ ശുശ്രൂഷ ചെയ്തുവന്ന കല്ലൂർ അച്ചന് 1997 മാർച്ച് 10 ന് കോർഎപ്പിസ്കോപ്പാസ്ഥാനം നൽകി. 1998 ഏപ്രിൽ 16 ന് മാർത്താണ്ഡം രൂപതയുടെ ദ്വിതീയ മെത്രാനായി പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ കല്ലൂരച്ചനെ നിയമിച്ചപ്പോൾ ചെറിയ കാര്യത്തിൽ വിശ്വസ്തൻ വലിയ കാര്യത്തിലും വിശ്വസ്തനായിരിക്കും (ലൂക്കാ 16:10) എന്ന കർത്ത്യവചനം അന്വർത്ഥമാവുകയായിരുന്നു. 1998 ജൂൺ 29 ന് സിറിൾ മാർ ബസേലിയോസ് തിരുമേനിയുടെ കൈവെപ്പ് വഴി, കല്ലൂർ അച്ചൻ യൂഹാനോൻ മാർ ക്രിസോസ്റ്റം എന്ന പേരിൽ മേൽപ്പട്ടക്കാരനായി അഭിഷക്തനായി. 1998 ജൂലൈ 1–ന് മാർത്താണ്ഡം ഭദ്രാസന മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്തു.

ബാലാരിഷ്ടതകളിലൂടെ കടന്നുപോയ മാർത്താണ്ഡം ഭദ്രാസനത്തിന്റെ ശക്തമായ വളർച്ചയ്ക്ക് തുടക്കം കുറിക്കുവാൻ അഭിവന്ദ്യ



പിതാവിന്റെ നേതൃത്വത്തെ ദൈവം ഉപകരണമാക്കി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ മിഷൻ രൂപതയിൽ വെല്ലുവിളികൾ ധാരാളമുണ്ടായിരുന്നെങ്കിലും, അവയെ അതിജീവിച്ച്, ദൈവജനത്തിന്റെ കൂട്ടായ്മ വളർത്തുവാൻ ഒരു വ്യാഴവട്ടക്കാലം നീണ്ടുനിന്ന, പിതാവിന്റെ ശ്രേഷ്ഠാചാര്യശുശ്രൂഷയ്ക്ക് സാധിച്ചു. ദൈവമക്കൾക്ക് ആയർ ആയി ത്തീർന്ന വന്ദ്യപിതാവിന്റെ ശുശ്രൂഷവഴി, മാർത്താണ്ഡം ഭദ്രാസനത്തിന് ആത്മിയവും ഘടനാപരവും ഭൗതികവുമായ വളർച്ചയുണ്ടായി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരി. എപ്പിസ്കോപ്പൽ സുനഹദോസിന്റെ തീരുമാനപ്രകാരം പത്തനംതിട്ട ഭദ്രാസനം രൂപികരിച്ചപ്പോൾ അതിന്റെ പ്രഥമ മെത്രാപ്പോലീത്തായാവാൻ ദൈവം നിയോഗിച്ചത് അഭി.യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയെ ആയിരുന്നു.

2010 മാർച്ച് 20 ന് സ്ഥാനാരോഹണം ചെയ്തനാൾ മുതൽ പത്തനംതിട്ട ഭദ്രാസനത്തിന്റെ നാനാവിധത്തിലുള്ള വളർച്ചയ്ക്ക് അഭിവന്ദ്യ പിതാവ് നേതൃത്വം നൽകുന്നു. ഭദ്രാസനാസ്ഥാനവും കത്തീഡ്രൽ ദൈവാലയവും മൈനർ സെമിനാരിയും പൂർത്തിയായി. എല്ലാ ഇടവക കൂട്ടായ്മകളും ശക്തമായി കൊണ്ടിരുക്കുന്നു. ഇന്ന് നാനാജാതിമതസ്ഥർക്ക് ആത്മിയവും ഭൗതികവും ബൗദ്ധികവുമായ മണ്ഡലങ്ങളിൽ അഭയമായി പത്തനംതിട്ട ഭദ്രാസനം മാറുമ്പോൾ അതിന് നേതൃത്വവുമായി അഭിവന്ദ്യ പിതാവ് എപ്പോഴും കർമ്മനിരതനായിരിക്കുന്നു.

വൈദികരുടെ ശക്തമായ കൂട്ടായ്മയും പിന്തുണയും സന്ന്യസ്തരുടെ ത്യാഗനിർഭരമായ ജീവിതവും ദൈവജനത്തിന്റെ ആത്മസമർപ്പണവും വഴി, പുനരൈക്യപ്രസ്ഥാനത്തിന്റെ ഈറ്റില്ലമായ ഈ മണ്ണിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ വളർത്തുവാൻ അഭിവന്ദ്യ പിതാവ് അക്ഷീണം പ്രയത്നിക്കുന്നു.

വൈദികരെയും വൈദികവിദ്യാർത്ഥികളെയും അടുത്തറിഞ്ഞ് സ്നേഹിക്കുന്ന ശ്രേഷ്ഠാചാര്യൻ, ദൈവജനത്തിന് ഏതൊരാവശ്യവുമായി ഓടിയെത്താവുന്ന നല്ല ഇടയൻ, അശരണർക്കും ആലംബഹീനർക്കും ആശ്രയമാവുന്ന വിശാലഹൃദയമുള്ള ഒരു നല്ല മനുഷ്യൻ. വിശേഷണങ്ങൾ ഏറെയാണ്. തന്റെ ജീവീതം കൊണ്ട് അഭി.പിതാവ് അത് പൂർത്തിയാക്കട്ടെ. ശക്തനായവൻ ചെയ്ത വലിയ കാര്യങ്ങളെ (ലൂക്കാ 1:49) ഓർത്ത് ദൈവത്തിന് നന്ദി പറയുവാനും തുടർന്നും ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യുവാനും (ഫിലി 4:13) ഉള്ള അവസരമാണ് സപ്തതിയുടെ ഈ വർഷം. ദീർഘായുസ്സോടും ആരോഗ്യത്തോടും കൂടെ ഭദ്രാസനത്തെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കുവാൻ ദൈവം അഭിവന്ദ്യ പിതാവിനെ സഹായിക്കട്ടെ. സപ്തതിയുടെ എല്ലാ മംഗളങ്ങളും പ്രാർത്ഥനാപൂർവം നേരുന്നു.

**റവ. ഫാ. ഡാനിയേൽ കൊഴുവക്കാട്**

**THE SYRO- MALANKARA CATHOLIC CHURCH**
**EPARCHY OF PATHANAMTHITTA**

**Most Rev. Yoohanon Mar Chrysostom**
Bishop of Pathanamthitta

Catholic Bishop's House
Pathanamthitta-689 645
Ph: 04682-223100, 2223200

*CL. 2/2014*

## സർക്കുലർ

ദൈവതിരുനാമത്തിന് മഹത്വമുണ്ടായിരിക്കട്ടെ!


## മാർ ക്രിസോസ്റ്റം ആർട്ട്സ് & സയൻസ് കോളേജ്

**വന്ദ്യകോറെപ്പിസ്കോപ്പാമാരേ, റമ്പാച്ചന്മാരേ, വൈദികരേ, സന്യസ്തരേ, പ്രിയ വിശ്വാസികളേ,**

പത്തനംതിട്ട രൂപത രൂപംകൊണ്ട നാൾമുതൽ രൂപതയുടെ ബഹുവിധമായ വളർച്ചയിൽ നാം ബദ്ധശ്രദ്ധരാണ്. രൂപതാമക്കളും, വൈദികരും, സന്യസ്തരും നല്കുന്ന നിർലോഭമായ സഹകരണത്തിന് പ്രത്യേകം നന്ദി പറയുന്നു. അത്യാവശ്യ സ്ഥലങ്ങളിൽ ദൈവാലയങ്ങൾ പൂർണ്ണമായും, അറ്റകുറ്റപണികൾ ആവശ്യമുള്ളിടത്ത് അതും നിർവഹിക്കുന്നതിൽ നാം ശ്രദ്ധിക്കുന്നു. അതുപോലെ പള്ളിക്കെട്ടിടങ്ങൾ വൃത്തിയാക്കി എടുക്കുന്നതിലും പുതുക്കിപ്പണിയുന്നതിലും ശ്രദ്ധിക്കുന്നു. ആതുര മേഖലകളിൽ ളാക്കൂർ, ചീക്കനാൽ, പയ്യനാമൺ എന്നിവിടെങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു. വിദ്യാഭ്യാസമേഖലയാണ് നാം ഏറ്റവും കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നത്. അടൂർ ആൾ സെയിന്റ്സ് സ്കൂളും, കാർമ്മൽ സ്കൂളും വിപുലീകരിക്കുന്നതിൽ നാം ഇപ്പോൾ തന്നെ കോടികൾ ചിലവഴിച്ചുകഴിഞ്ഞു. അതുപോലെ കോടികൾ ചിലവഴിച്ച് പത്തനംതിട്ട മഡോണ ഇന്റർനാഷണൽ സ്കൂളും, വടശ്ശേരിക്കര മാർ ഈവാനിയോസ് സ്കൂളും പണിയുന്നതിലും നാം ശ്രദ്ധിച്ചു. എന്നാൽ ഉന്നത വിദ്യാഭ്യാസമേഖലയിൽ കാര്യമായി ഒന്നും ചെയ്യുവാൻ ഇതുവരെ സാധിച്ചില്ല. അതിനുപരിഹാരമായി അടൂർ പറന്തലിൽ നമുക്കുള്ള വസ്തുവിൽ കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടുകൂടി മൂന്ന് കോഴ്സുകൾ ആരംഭിക്കുവാൻ പ്രാരംഭ നടപടികൾ ആരംഭിച്ചു. പത്തനംതിട്ട രൂപതയുടെ സ്വപ്ന സംരംഭമാണ് അടൂർ പറന്തലിൽ ആരംഭിക്കുന്ന മാർ ക്രിസോസ്റ്റം ആർട്സ് & സയൻസ് കോളജ്. തിളക്കമാർന്ന ജോലി തേടുന്ന മധ്യതിരുവിതാംകൂറിലെ വിദ്യാർത്ഥികൾക്ക് സന്മാർഗനിഷ്ഠയും, സാമൂഹിക, മാനുഷിക മുല്യങ്ങളും ഉദ്ബോധിപ്പിക്കുന്ന ഗുണമേന്മയുള്ള വിദ്യാഭ്യസം നൽകുകയെന്ന അടിയുറച്ച ലക്ഷ്യമാണ് ഇതിനുള്ളത്. നീതിനിഷ്ഠമായ സമൂഹരൂപീകരണത്തിനായി സമർപ്പിക്കപ്പെടാൻ സന്നദ്ധരായ വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയ്ക്ക് പറ്റിയ സാഹചര്യവും പരിശീലനവും ഇവിടെ ഒരുക്കുന്നു. ബുദ്ധിശക്തിയാർജ്ജിച്ചവരുടെയും സാമൂഹ്യ പ്രതിബദ്ധതയുള്ളവരുടെയും ഒരു സമൂഹം പത്തനംതിട്ട രുപതാദ്ധ്യക്ഷൻ യുഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് വിഭാവനം ചെയ്യുന്നു. ശ്രേഷ്ഠരായ യുവതീയുവാക്കളെ, സമർത്ഥരായ നേതാക്കളും ഉത്തരവാദിത്വമുള്ള പൗരന്മാരുമായി ജനസേവനത്തിനുതകുംവിധം വാർത്തെടുക്കാൻ ഉന്നതപഠനത്തിനുള്ള ഈ കേന്ദ്രം ലക്ഷ്യമിടുന്നു.

**മാനേജ്മെന്റ്**

പത്തനംതിട്ട രൂപതയെടെ മലങ്കര കാത്തലിക്ക് എജ്യുക്കേഷണൽ സൊസൈറ്റിയുടെ ഭരണത്തിൻ കീഴിലാണ് മാർ ക്രിസോസ്റ്റം ആർട്സ് & സയൺസ് കോളേജ്, പറന്തലിൽ ആരംഭിക്കുന്നത്. കഴിഞ്ഞ എട്ട് പതിറ്റാണ്ടുകളായി പുതിയ തലമുറകളെ അഭ്യസ്തവിദ്യരാക്കുന്നതിനും അവർക്ക് വിജ്ഞാനം പ്രദാനം ചെയ്യുന്നതിനും നിലകൊണ്ടിട്ടുള്ള പൈതൃകവും, പാരമ്പര്യവും മലങ്കര കത്തോലിക്ക സഭയ്ക്കുണ്ട്. അതിന്റെ ഫലമായി കേരളത്തിലും, അതുപോലെ ഇന്ത്യയിലെ നിരവധി സ്ഥലങ്ങളിലും മികവുറ്റ അസംഖ്യം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സഭയ്ക്കുണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഏഷ്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന തിരുവനന്തപുരത്ത്, പട്ടത്തുള്ള സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഈ മാനേജുമെന്റിന്റെ കീഴിലുള്ളതാണ്.



എ ഗ്രേഡ് അക്രെഡിറ്റേഷനുള്ള തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജ്, മാർ ബസേലിയോസ് എൻജിനീയറിംഗ് കോളേജ്, തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് മുതലായവ മലങ്കര കത്തോലിക്ക സഭയുടെ ഭരണ വൈദഗ്ദ്ധ്യത്തിന്റെ മികച്ച ഉദാഹരണങ്ങളാണ്. 100 ഏക്കറിൽപരം വിസ്തൃതമായി എം.സി റോഡിനോടു ചേർന്നു കിടക്കുന്ന പത്തനംതിട്ട രൂപതയുടെ അമലഗിരി കുന്നിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനമുള്ള ഒരു എജ്യൂസിറ്റിയാണ് (Edu-city) മാനേജ്മെന്റ് വിഭാവനം ചെയ്തിട്ടുള്ളത്. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സെൽഫ് ഫിനാൻസ് കോളജാണ് മാർ ക്രിസോസ്റ്റം ആർട്സ് & സയൻസ് കോളജ്. ഭാവിയിലെ വിപുല വിജ്ഞാന മേഖലയിലേക്കുയരാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്ന നൂതന വിദ്യാഭ്യാസ സ്ഥാപനങ്ങളും പത്തനംതിട്ട രൂപത സമാരംഭിക്കുന്നുണ്ട്.

സ്ഥലം: അടൂർ, പന്തളം എം.സി റോഡിനു സമീപത്ത് പറന്തലിൽ.

Courses:

*B.A. English (Lit.), B.Com Computer Applications, B.Com Taxation*

Phone No. **0468-2222240, 8281292154**

mail ID: **ccbcacpt@gmail.com, marchrysostom@gmail.com**

| | | |
|---|---|---|
| **Chairman** | **:** | His. Excellency Dr. Yoohanon Mar Chrysostom |
| Principal | : | Prof. Itty Varghese, Former Principal, St. Cyril's College, Adoor |
| Commerce | : | Prof. G. Kochu Koshy, Former Head, Dept. of Commerce, (Rt. Prof. Mar Ivanios College Trivandurm) |
| English | : | Prof. George Varghese, Former HOD, St. Gregorios College, Kottarakara. |
| Managed By | : | Malankara Catholic Educational Society, Pathanamthitta<br>Catholic Bishop's House, Pathanamthitta 689 645. |

**Executive Members**

Most. Rev. Dr. Yoohanon Mar Chrysostom (Patron)

Rt. Rev. Msgr. Chacko Thadathil — Rev. Fr. Benny Narakathinal, (Secretary)

Dr. Ruble Raj (Consultant) Former Principal, Marian College, Kuttikkanam

Rt. Rev. Msgr. Jose Chamakalayil — Very Rev. Fr. John Thundiyathu,

Very Rev. Fr. Varghese Kaithon — Very Rev. Fr. Joshy Vazhappilleth

ഈ വർഷം തന്നെ ഈ കോഴ്സുകൾ ആരംഭിക്കുന്നതാണ്. നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ഈ വിവരം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അറിയിക്കുകയും ഉന്നത വിദ്യാഭ്യാസത്തിന് താത്പര്യമുള്ള മിടുക്കരായ കുട്ടികളെ തിരഞ്ഞെടുത്ത് അയ്ക്കുകയും ചെയ്യണമെന്ന് താത്പര്യപ്പെടുന്നു. ഈ സംരംഭത്തിനുവേണ്ടി എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

സ്നേഹത്തോടെ,


+ Ym. Chrysostom

05 - 07 - 2014

+യൂഹാനോൻ മാർ ക്രിസോസ്റ്റം
പത്തനംതിട്ട മെത്രാപ്പോലീത്താ

കാത്തലിക് ബിഷപ്സ് ഹൗസ്
പത്തനംതിട്ട

N.B.: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



# MAR CHRYSOSTOM

## College of Arts & Science

Affiliated to the University of Kerala

**Paranthal, Adoor**




Experienced Faculty
Furnished Lab & Class Rooms
Malankara Catholic Management
Echo Friendly Atmosphere
**Now in Adoor!!**

പ്രിയ സുഹൃത്തേ,

അടൂർ പറന്തൽ **M C** റോഡിൽ

മനോഹരമായ അമലഗിരി കുന്നിൽ

**മലങ്കര കത്തോലിക്ക സഭ പത്തനംതിട്ട രൂപതയുടെ**

**മാർ ക്രിസോസ്റ്റം ആർട്സ് & സയൻസ് കോളജ്**

കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ

ഈ വർഷം തുടങ്ങിയ വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ.

മാർ ഈവാനിയോസ് കോളജ്, മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളജ്, പുഷ്പഗിരി മെഡിക്കൽ കോളജ് തുടങ്ങി നിരവധി പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് ആരംഭിച്ച ഈ നൂതന സ്വാശ്രയ കോളജിന്റെ നടത്തിപ്പിന് എല്ലാവിധ സഹകരണവും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി,
മലങ്കര കാത്തലിക് എഡ്യൂക്കേഷണൽ സൊസൈറ്റി

Courses


**B.A.** English
**B.Com** (Taxation)
**B.Com** (Computer Application)



Mar Chrysostom College of Arts & Science
[affiliated to the University of Kerala]
Paranthal P O PIN: 689501
Adoor
web: www.mcc.ac.in
email : chrysostomcollege@gmail.com

* all courses are subject to the approval from the University of Kerala

**Ph : 0468 - 2222240, 8281292154**



# ഭദ്രാസന വാർത്തകൾ

**1. മാർ ഈവാനിയോസ് പിതാവിന്റെ കബറിടം തുറന്നു**

വിശുദ്ധ നാമകരണ നടപടികളുടെ ഭാഗമായി, മലങ്കര പുനരൈക്യ പ്രസ്ഥാനശിൽപിയും മലങ്കര കത്തോലിക്കാ സഭ തിരുവനന്തപുരം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയുമായ ദൈവദാസൻ മാർ ഈവാനിയോസിന്റെ കബറിടം തുറന്നു കാനോനിക പരിശോധന നടത്തി. ആയിരക്കണക്കിനു വിശ്വാസികളുടെയും വൈദികരുടെയും കന്യാസ്ത്രീകളുടേയും സാന്നിധ്യത്തിൽ പ്രത്യേക പ്രാർത്ഥനകൾക്കുശേഷം ഭൗതികശേഷിപ്പ് കബറിൽ അടക്കം ചെയ്തു.

കർദിനാൾ മാർ ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാ ബാവയുടെ മുഖ്യകാർമികത്വത്തിൽ സമൂഹബലിയോടെ ആയിരുന്നു കബർ തുറക്കൽ ചടങ്ങുകൾക്ക് തുടക്കം. ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ ഗീവർഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ഏബ്രഹാം മാർ യൂലിയോസ്, വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ യൗസേബിയൂസ്, ജേക്കബ് മാർ ബർണബാസ്, തോമസ് മാർ അന്തോണിയോസ്, സാമുവേൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ് എന്നിവരും അനവധി വൈദികരും സഹകാർമികരായിരുന്നു. കബറിടത്തിലെ പ്രാരംഭശുശ്രൂഷകളിൽ ആർച്ച് ബിഷപ് ഡോ.എം.സൂസപാക്യവും പങ്കെടുത്തു. ഭൗതികശേഷിപ്പ് അംശവസ്ത്രങ്ങളിൽ പൊതിഞ്ഞു പ്രത്യേക പേടകത്തിലാക്കി വിശ്വാസികൾക്കു ദർശിക്കാനായി കത്തീഡ്രലിലേക്കു കൊണ്ടുവന്നു.

**2. സപ്തതി ആഘോഷം**

പത്തനംതിട്ട ഭദ്രാസനത്തിലെ വൈദികരുടെ കൂട്ടായ്മ ജൂൺ മാസം 10-ാം തീയതി വകയാർ ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. നമ്മുടെ പിതാവിന്റെ സപ്തതി അതോടൊപ്പം ആഘോഷിച്ചു. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് ധ്യാനചിന്തകൾ

നല്കുകയും പിതാവിന് സപ്തതി മംഗളങ്ങൾ നേരുകയും ചെയ്തു. വൈദികരുടെ പ്രതിനിധിയായി ജെയിംസ് ഇലഞ്ഞിക്കൽ അച്ചൻ ആശംസകൾ നേർന്നു.

**3. പാസ്റ്ററൽ കൗൺസിൽ**

സഭയുടെയും ഭദ്രാസനത്തിന്റെയും കെട്ടുപണിക്ക് ക്രിയാത്മകമായി ചിന്തിക്കുന്നു. പ്രവർത്തിക്കാനും രണ്ടാം പാസ്റ്റർ കൗൺസിൽ 2014 ജൂൺ 21-ാം തീയതി ശനിയാഴ്ച കൂടുകയും പുതിയ പാസ്റ്ററൽ കൗൺസിലിന്റെ സെക്രട്ടറിയായി **ശ്രീ.പി.കെ ജോസഫ് മേലേക്കൂറ്റിനെ** തെരഞ്ഞെടുക്കുകയും ചെയ്തു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് പാസ്റ്ററൽ കൗൺസിലിന്റെ ഉത്തരവാദിത്വത്തെക്കുറിച്ചും പ്രാധാന്യത്തെപ്പറ്റിയും ബോധ്യപ്പെടുത്തി പ്രഭാഷണം നടത്തി. അഭിവന്ദ്യ.യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ പുതിയ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ സ്വാഗതം ചെയ്യുകയും ആദ്യ അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.


**4. പദയാത്ര**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 61-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് തീർത്ഥാടന പദയാത്ര **ജൂലൈ മാസം 10-ാം** തീയതി റാന്നി-പെരുനാട് കുരിശുമല തീർത്ഥാടന ദൈവാലയത്തിൽ നിന്നാരംഭിച്ച് ജൂലൈ മാസം 14-ാം തീയതി വൈകിട്ട് 6 മണിക്ക് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ എത്തിച്ചേരുന്നു.

**5. ചാവറയച്ചനും എവുപ്രാസ്യമ്മയും നവംബർ 23 ന് വിശുദ്ധ പദവിയിലേക്ക്...**



മനുഷ്യകുലത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട ആധ്യാത്മികതേജസും സാമൂഹ്യ പരിഷ്കർത്താവും സിഎംഐ- സിഎംസി സന്യാസസമൂഹങ്ങളുടെ



സ്ഥാപകനുമായ വാഴ്ത്തപ്പെട്ട **ചാവറ കുര്യാക്കോസ് ഏലിയാസച്ചനും**, പ്രാർത്ഥനയുടെ കരുത്തിൽ താപസതുല്യജീവിതം നയിച്ച, സിഎംസി സന്യാസസഭാംഗമായ വാഴ്ത്തപ്പെട്ട **എവുപ്രാസ്യമ്മയും** നവംബർ 23 നു വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടും. ക്രിസ്തുവിന്റെ രാജത്വത്തിരുനാളായ നവംബർ 23 നു വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ നടക്കുന്ന തിരുക്കർമങ്ങൾക്കിടയിലാണ് ഇരുവരെയും വിശുദ്ധരായി പ്രഖ്യാപിക്കുന്നത്.

Procurator Office Time

Monday to Friday: 9.15 a.m. to 12.15 p.m. - 2.30 p.m. to 5.00 p.m.
Saturday Holiday

Procurator New Phone No. 9447388683

## “ഹോശോ വബ്കൂൽസ്ബാൻ ല്ഒൽമിൻ”

മലങ്കര സഭയുടെ മിക്ക ഔദ്യോഗിക പ്രാർഥനകളുടെയും അവസാനം വൈദികർ സുറിയാനിയിൽ മേൽപ്പറഞ്ഞ വാചകം ചൊല്ലുന്നുണ്ട്. “ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും” എന്നാണ് അതിന്റെ അർഥം. വിശുദ്ധ കുർബാനയിലെ മിക്കവാറും എല്ലാ പ്രാർഥനകളും അവസാനിപ്പിക്കുന്നത്, “ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും” എന്നാണ്. പരിപാവനത്രിത്വത്തെ പ്രകീർത്തിച്ചുകൊണ്ട് പിതാവിനോടു നടത്തുന്ന സ്തോത്രാർപ്പണമാണ് പ്രാർഥനകളെല്ലാം. കുർബാനയിൽ ഉടനീളം സഭ ഈ സ്തുതിയും സ്തോത്രവും കരേറ്റുന്നു. പിതാവായ ദൈവത്തിന്റെ ഏകജാതനിലൂടെ പരിശുദ്ധാത്മാവിൽ സ്തുതിയും സ്തോത്രവും അർപ്പിക്കുന്നതാണല്ലോ ക്രിസ്തീയജീവിതം.

വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ ചില വൈദികർ “ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കും” എന്ന ഭാഗം ചൊല്ലാതെ പ്രാർഥനയുടെ അവസാനം “ഹോശോ വബ്കൂൽസ്ബാൻ ല്ഒൽമിൻ” എന്നുമാത്രം ചൊല്ലുന്നതായി കണ്ടുവരുന്നു. ഇത് ശരിയല്ല. നിരന്തരമായി സ്തുതിയും സ്തോത്രവും അർപ്പിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. അത് ഒഴിവാക്കി “ഹോശോ വബ്കൂൽസ്ബാൻ ല്ഒൽമിൻ” മാത്രം ചൊല്ലിയാൽ സ്തുതിപ്പിന്റെ അർഥം കിട്ടില്ല. അതുകൊണ്ട് ബ. വൈദികർ ഈ രീതി തുടരരുതെന്ന് താൽപ്പര്യപ്പെടുന്നു. തക്സായിൽ കൊടുത്തിരിക്കുന്നതുപോലെ, ഓരോ പ്രാർഥനയുടെയും അവസാനം കൊടുത്തിരിക്കുന്നത് ചൊല്ലണം. ജനങ്ങൾ അത് അംഗീകരിച്ച് ആമ്മേൻ എന്നു പറയുന്നു.

**ചാൻസലർ–റവ. ഫാ. ഗീവർഗീസ് ചേടിയത്ത്**

# PASTORAL COUNCIL


| | | | |
|---|---|---|---|
| President | - | H.E. Most Rev. Yoohanon Mar Chrysostom | |
| Secretary | - | Very Rev. Fr. Geevarghese Chediath | |
| Secretary (Lay) | - | Mr.P.K.Joseph Melekuttu House | 9946463662 |

## EX-OFFICIO MEMBERS

| | | |
|---|---|---|
| 1. | Msgr. Jose Chamakalayil Corepiscopa (Chief Vicar General) | 9947434384 |
| 2. | Msgr. Chacko Thadathil (Vicar General) | 9447564354 |
| 3. | Very Rev. Fr. Geevarghese Chediath (Chancellor) | 9495605495 |
| 4. | Very Rev. Fr. Joshy Vazhappilleth (Procurator) | 9447388683 |
| 5. | Very Rev. Fr. Sam Vengattoor (Rector) | 9400863073 |
| 6. | Rev.Fr. George Jacob Kizhakkethil Corepiscopa | 9447046670 |
| 7. | Very Rev.Fr.Daniel Kuzhithadathil Corepiscopa | 09990542964 |

## PROTO PRESBYTERS

| | | |
|---|---|---|
| 1. | Very Rev. Fr. Mathew Alummoottil | 9447184091 |
| 2. | Very Rev. Fr. John Thundiyath | 9446336677 |
| 3. | Very Rev. Fr. Joseph Kurumpileth | 9447393493 |
| 4. | Very Rev. Fr. Mathew Puthuparambil | 9446114573 |
| 5. | Very Rev. Fr. Thomas Eettikalayil | 9446171556 |



## ELECTED MEMBERS

### Konni District

1. N.J. Joseph
   Nanthiyattu House
   Athirumkal P.O.
   Mob: 9846661653. 0468-2396511

2. T.D. Thomas
   Thachiramannil House
   Vakayar P.O.
   Mob: 9495437961

3. Geevarghese Jacob
   Padayanikal House
   Nedumonkavu P.O.
   Via Koodal. 689693.
   Mob: 9747676888

4. Thomas Thundiyath
   Thundiyath House
   Koodal P.O.689693.
   Mob: 9497812187

5. A.Varghese
   Meppurath House
   Nedumonkavu P.O.
   Via Koodal. 689 693
   Mob: 9946483656

6. Sheeja Abraham
   Peedikayil House
   Kizhakkupuram P.O.
   Pathanamthitta
   Mob: 9446113545

### Pathanamthitta District

1. C.T. Thomas
   Melepeedikayil House
   Prakkanam P.O. 693 626
   Mob: 9605554497

2. T.K. James
   Thundiyil House
   Thonniamala P.O. 689 668
   Mob: 9847602733;0468-2320192.

3. Raju T. Daniel
   Kocharattu House
   Omalloor P.O. 689 647
   Mob: 9744054091; 0468-2352510

4. Raju Mathew
   Chamakalayil House
   Nellikala P.O.
   Elanthoor 689 643
   Mob: 9447207255

5. P. K. Joseph
   Melekuttu House
   Nannuvakadu
   Pathanamthitta P.O. 689 645
   Mob: 9946463662

6. Lysamma Joy
   Thekkekalathadathil House
   Keekozhoor P.O.
   Ranny 689 672
   Mob: 9539101966

### Ranni-Perunad District

1. Suja Babu
   Kaleeckal House
   Mekkozhoor P.O.
   Mob: 9961014086; 0468-2276171.

2. M.M. Jacob
   Meleparambil House
   Malayalapuzha Eram P.O.
   Puthukulam
   Mob: 9605893660

3. Benny
Anchanattu House
Pezhumpara P.O. Vadasserikara
Mob: 9447028617

4. Sebastian
Maruthoor House
Vettoor P.O.,
Kumbazha
Mob: 9447380855

5. P.J. Abraham
Parathoot House
Chenkalthadam P.O.
Mylapra
Mob: 9947454989

6. M.S. Samuel
Mannil Rose House
Mylapra P.O. 689 671
Mob: 9947099445

**Pandalam District**

1. Cherian Chenneerkara
Kalayil Kizhakkethil House
Chennerkara P.O. 689 503
Mob: 9495265712;0468-2257172.

2. Wilson Palavila
Palavilayil House
Kaipattoor P.O. 689 648
Mob: 9447104489; 0468-2351944.

3. K.P. Jacob
Kammancheril House
Keerukuzhy P.O. 689 502
Mob: 9446091358; 0468-2351358.

4. Saji Thomas
Konnathu House
Kurampala, Pandalam P.O.
Mob: 9496146749; 04734-256345.

5. Babu Thomas
Kottapadickal House
Kidanganoor P.O. 689 533
Mob: 9946403811;
0468-2285028;2211888.

6. Annamma Chacko
Achan's Villa
Parakkara South P.O.
Thattayil 691 525
Mob: 9846367837

**Seethathode Sub District**

1. C. V. Eapen
Chundamannil House
Karikayam P.O.
Padayanipara
Mob: 9447117747

2. Sunil
Mankalayil House
Seethakuzhy
Seethathode P.O.
Mob: 9562635717


3. Rosamma George
Thadathil Saji Villa
Koothattukulam
Chittar P. O.
Mob: 9447146301

**NOMINATED MEMBERS**

**Pathanamthitta District**

1. Mr. Thomas Kalloor
Kalloor House
Kadammanitta P.O. 689649.
Mob: 9447045320

2. Abraham T.
Binoy Bhavan
Vazhamuttom P.O.,689647.
Mob: 9446709599



3. George Varghese
Kochuthundiyil House
Naranganam P.O.,689642.
Mob: 9048657801

4. Roy Changeth
Changeth House
Pathanamthitta
Mob: 9497106381

**Ranni-Perunad**

1. Samuel
Puthuparambil
Kumbazha P.O.PTA .
Mob: 8281723474

2. Jose Kaniantedathu(K.V.Joseph)
Uthimmood,Mandiram P.O.,689672.
Mob: 9447027023; 04735-227023.

3. George T. Daniel (Ponnachan)
Thundiyath House
Kizhakkupuram P.O.,Via Kumbazha.
Mob: 0468-2301188; 9447086417.

4. K.G. Abraham
Konnathu House
Vadasserikkara P.O.
Mob: 9446710034

**Pandalam District**

1. Joseph Cherian
Vimala Bhavan.
Ullannoor P.O.,
Via Kulanada.689503.
Mob: 9447088208

2. Alex Valavil,
734, Neha Villa,
Vikas Nagar,Kiwale Deh Road,
Pune, 412101.Maharashtra.
Mob: 09730065642 ; 09423585602.

3. Samuel
Viruppukalayil
Anandapally; Paranthal P.O.,
Mob: 9947573063; 04734-224970.

4. Marykutty
Vanchipuzhakandathil
Kulanada P.O.,689503.
Mob: 9645638285

**Konny**

1. Varghese V.G.
Vadakkemannil House
Thannithode P.O.
Mob: 9446091247

2. Thankachan A.M.,
Anchumuriyil House
Kizhavalloor P.O., Konni.
Mob: 9447207005

3. K.C. Jacob
Pallathupeedikayil House
Attachakal P.O.,Konni.689692.
Mob: 9447359201; 0468-2349740.

4. Mariamma Thomas
Valuparambil House
Konnythazham P.O.
Mob: 8281507820

**Seethathode Sub-District**

1. C.T.Reji Thomas,
Valiyakulathil House
Seethathode P.O.
Mob: 9497102002

2. Jerome
Medayil House
Angamoozhy P.O.,
Mob: 8156819008

# ശ്രേഷ്ഠാചാര്യശുശ്രൂഷയുടെ 16 വർഷങ്ങൾ














# അഭിവന്ദ്യ പിതാവിന് മെത്രാഭിഷേകദിനത്തിന്റെ ആശംസകൾ








'രക്ഷ' – ലഹരിവിരുദ്ധ സന്ദേശം
വിളംബരം ചെയ്തുകൊണ്ടുള്ള കൂട്ടയോട്ടം





3. V.T. Thomas
   Valuparambil House
   Vayyattupuzha P.O.
   Mob: 9846560610; 04735-277713.

**Presidents of the Departments**

1. MCA
   Sunny George
   Kottarathil House,Athirumkal P.O.,
   Via Koodal.
   Mob: 9745407140

2. MCYM
   Shijo Varghese
   Vallikunnu Modiyil,
   Kaipuzha North P.O.,
   Kulanada.689503
   Mob: 9446200103

3. Teachers Guild
   Koshy Kochukoshy
   Nedumcherril House
   Thonniamala P.O.
   Mob: 9446954409

4. Sunday School
   George Maneera
   Parappallikkunnel
   Manneera P.O.
   Mob: 9446600096

5. Mathrusamajam
   Mariam George
   Vazhathottathil Puthuparambil
   Pampumala ; Chenneerkara P.O.
   Mob: 9605662219;0468-2258007

**Heads of the Various Departments**

1. Director of Catechism : Rev. Fr. Robin Manakkalathu
2. Director MCYM : Rev. Fr. Sebastian Kizhakkethil
3. Spiritual Advisor MCA : Rev. Fr. Anto Kannamkulam
4. Director Family Apostolate : Rev. Fr. Thomas Eettikalayil
5. Director Bible Apostolate : Rev. Fr. Zacharias Nediyakalayil
6. Correspondent, Aided Schools : Rev. Fr. Augustine Pulimuttath
7. Correspondent, Unaided Schools : Rev. Fr. Joseph Thundiyoozhathil
8. Director Pious Association : Rev. Fr. Sleeba Das
9. Director Suvishesha Sangam : Rev. Fr. James Elanjickal
10. Director Social Apostolate : Rev. Fr. Varghese Chamakalayil
11. Spiritual Advisor Vincent De Paul : Rev. Fr. Martin Puthenveedu
12. Director Media & PRO : Rev. Fr. Benny Narakathinal
13. Director Holy Childhood : Rev. Fr. Mathew Pezhumkoottathil
14. President Priests Asst. Fund : Rev. Fr. Mathew Kayyalackal
15. Director Bhadrasana Bulletin : Rev. Fr. Daniel Koickal
16. Director Labour Commission& Dalit Mission: Rev. Fr. Abraham Meppurath
17. Director Jail Ministry : Rev. Fr. Daniel Pulivelil

**Religious Representatives**

| | | |
|---|---|---|
| 1. OIC | : | Rev. Fr. Babu Michael OIC |
| 2. OFM | : | Rev. Fr. Tom Kannanthanam OFM(Cap.) |
| 3. SIC | : | Mother Thamim SIC |
| 4. SIC | : | Rev. Sr. Salini SIC |
| 5. DM | : | Rev. Sr. Irine DM |
| 6. Vincentian | : | Rev. Sr. Joy Maria SCV |
| 7. GSS | : | Mother Leena GSS |
| 8. SMS | : | Rev. Sr. Emelda SMS |

## EPARCHIAL MARRIAGE TRIBUNAL NEWS


| Prot.Nr. | Petitioner | Respondent | Decision | Date |
|---|---|---|---|---|
| 53/13 | Binoy C.John | Mini Mathew | Affirmative | 25-06-2014 |
| 61/14 | Elizabeth Babu | Siju Chacko | Affirmative | 25-06-2014 |

## സെമിനരി വാർത്തകൾ

### മൈനർ സെമിനാരിയിലെ
### ഒന്നാം വർഷ വൈദിക വിദ്യാർത്ഥികൾ

*** നിതിൻ വിനോദ്**
തോന്നുവേലിൽ ഹൗസ്
സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക, ആന്ദപ്പള്ളി

*** ജോബിൻ.പി.കുഞ്ഞുമോൻ**
പുത്തൻപുരയ്ക്കൽ ഹൗസ്
സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ഇടവക, വി.കോട്ടയം



*** ടോണി ഏബ്രഹാം**
കരീക്കൽ മേമുറിയിൽ ഹൗസ്
സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക, നാരങ്ങാനം

*** സിബിൻ സന്തോഷ്**
പുന്നനിൽക്കുന്നത്തിൽ
സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക, നാരങ്ങാനം

*** സിറിൾ വർഗീസ്**
താരേമലയിൽ ഹൗസ്
സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക, നാരങ്ങാനം

*** അലൻ.കെ.ഷാജി**
കമുകുംപള്ളിൽ ഹൗസ്
സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക, കോന്നി


*** സ്റ്റാൻലി സിൻമോൻ**
കിടങ്ങിൽ ഹൗസ്
സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക, കോന്നി

*** ബിജോ തോമസ്**
കൈച്ചിറയിൽ ഹൗസ്
സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക, സീതത്തോട്

*** റോജി ജോൺ**
ചരിവുപുരയിടത്തിൽ
സേക്രട്ട് ഹാർഡ് മലങ്കര കത്തോലിക്കാ ഇടവക, മൈലപ്ര

*** റോബിൻ ഏബ്രഹാം**
മുള്ളൻമുരുപ്പേൽ ഹൗസ്
സേക്രട്ട് ഹാർട്ട് മലങ്കര കത്തോലിക്കാ ഇടവക, മേരിഗിരി, മൈലപ്ര

*** എബി വിത്സൺ**
മേപ്പുറത്ത് ഹൗസ്
സേക്രട്ട് ഹാർഡ് മലങ്കര കത്തോലിക്കാ ഇടവക, മൈലപ്ര



# വിശ്വാസ പരിശീലന കാര്യാലയ വാർത്തകൾ (സൺഡേസ്കൂൾ)

**ഡിഗ്രിക്ലാസ്**

2014 മെയ് 31-ാം തീയതി നടന്ന അദ്ധ്യാപക സംഗമത്തിൽ പത്തനംതിട്ട രൂപതയിൽ സണ്ഡേസ്കൂൾ 12-ാം ക്ലാസ് പാസ്സാകുന്ന വിദ്യാർത്ഥികൾക്കായി ഡിഗ്രിക്ലാസുകൾ ആരംഭിച്ചു.

**സിലബസ്**

1. മതബോധന ഗ്രന്ഥം- **(a)** ക്രൈസ്തവ വിശ്വാസ പ്രഖ്യാപനം (1-12) **(b)** സഭയുടെ 7 കൂദാശകൾ (1-9)
2. രണ്ടാം വത്തിക്കാൻ കൗൺസിൽ- ദൈവാവിഷ്ക്കരണം എന്ന രേഖ
3. ജി. ചേടിയത്ത്- മലങ്കര കത്തോലിക്കാ സഭ


**സേ പരീക്ഷ**

10,12 ക്ലാസിൽ പരീക്ഷ എഴുതി പരാജയപ്പെട്ടവർക്കും പരീക്ഷ എഴുതാൻ സാധിക്കാതെ വന്ന വിദ്യാർത്ഥികൾക്കുമായി 2014 ജൂൺ 22 ഞായറാഴ്ച 2 മണി മുതൽ 4.30 വരെ പത്തനംതിട്ട കത്തീഡ്രൽ ദൈവാലയ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു.

# എം.സി.വൈ.എം.

**രക്ഷ- ലഹരിവിരുദ്ധ സന്ദേശം വിളംബരം ചെയ്തുകൊണ്ടുള്ള കൂട്ടയോട്ടം**

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം) ഭദ്രാസനസമിതിയുടെ ആഭിമുഖ്യത്തിൽ **രക്ഷ** ലഹരി വിരുദ്ധ സന്ദേശം വിളംബരം ചെയ്തുകൊണ്ടുള്ള കൂട്ടയോട്ടം സെന്റ് പീറ്റേഴ്സ്



കത്തീഡ്രൽ ദൈവാലയത്തിൽനിന്ന് ഗാന്ധി ജംഗ്ഷൻ വഴി മേരീമാതാ സ്കൂളിലേക്ക് നടക്കുകയുണ്ടായി. പത്തനംതിട്ട ജില്ലയെ ലഹരിമുക്തമാക്കുക, എന്ന വലിയ ലക്ഷ്യം മുൻനിർത്തി നടത്തിയ കൂട്ടയോട്ടം മോൺ. ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പാ ഫ്ളാഗ് ഓഫ് ചെയ്തു. കൂട്ടയോട്ടത്തിന് കേരളാ ഫുട്ബോൾ ടീം ക്യാപ്റ്റൻ ജീൻ ക്രിസ്റ്റ്യൻ നേതൃത്വം നല്കി. എം.സി. വൈ.എം അംഗങ്ങളും, വിവിധ സ്ക്കൂളുകളിൽ നിന്ന് പിൻന്തുണ പ്രഖ്യാപിച്ച് എത്തിയ വിദ്യാർത്ഥികളും കൂട്ടയോട്ടത്തിൽ അണിനിരന്നു. ഗാന്ധി ജംഗ്ഷനിൽ ആറന്മുള എം.എൽ.എ അഡ്വ.ശിവദാസൻനായർ മുഖ്യപ്രഭാഷണം നടത്തി. ജീൻ ക്രിസ്റ്റ്യൻ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലികൊടുത്തു. തുടർന്ന് കൂട്ടയോട്ടം മേരിമാതാ സ്ക്കൂളിൽ സമാപിച്ചു. എം.സി.വൈ.എം ഭദ്രാസന ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ കിഴക്കേതിൽ, എം.സി.വൈ.എം ഭദ്രാസന പ്രസിഡന്റ് ഷിജോ.വി.വർഗീസ്, ജനറൽ സെക്രട്ടറി ജസ്സൻ മാത്യു കയ്യാലയ്ക്കൽ, കത്തീഡ്രൽ വികാരി ഫാ.മാത്യു ആലുംമൂട്ടിൽ, പത്തനംതിട്ട ജില്ലാഡയറക്ടർ ഫാ.പ്രിൻസ് കോയിക്കൽ, ഫാ.റോബിൻസ്, ജെഫിൻ സാം, ബിജു മാത്യു, റോജി.കെ.എസ്, ട്രിസാ, അജോ എന്നിവർ നേതൃത്വം നല്കി.

**പദയാത്ര ഒരുക്കധ്യാനം- ജൂലൈ 9**

തീർത്ഥാടന പദയാത്രയ്ക്ക് മുന്നോടിയായുള്ള പദയാത്ര ഒരുക്കധ്യാനം റാന്നി-പെരുനാട് കുരിശുമല ദൈവാലയത്തിൽവച്ച് ജൂലൈ 9-ാം തീയതി വൈകിട്ട് 6 മണി മുതൽ നടത്തപ്പെടുന്നതാണ്. എല്ലാ യുവജനങ്ങളും ധ്യാനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 61-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് എം.സി.വൈ.എം.-ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന തീർത്ഥാടന പദയാത്ര ജൂലൈ മാസം 10-ാം തീയതി റാന്നി-പെരുനാട് കുരിശുമല തീർത്ഥാടന ദേവാലയത്തിൽ നിന്നാരംഭിച്ച് ജൂലൈമാസം 14-ാം തീയതി വൈകിട്ട് 6 മണിക്ക് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ എത്തിച്ചേരുന്നു. ഈ തീർത്ഥാടന പദയാത്ര കൂടുതൽ അനുഗ്രഹപ്രദമാക്കിത്തീർക്കുവാൻ അച്ചന്റെയും ഇടവക സമൂ

ഹത്തിന്റെയും എല്ലാ യുവജനങ്ങളുടെയും സമ്പൂർണ്ണ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ എല്ലാ യുവജനങ്ങളെയും പദയാത്രയിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. രൂപതാ, ജില്ലാതലങ്ങളിൽ നടത്തപ്പെടുന്ന തീർത്ഥാടന പദയാത്രയ്ക്ക് ഉചിതമായ സ്വീകരണം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. കാഷായവസ്ത്രധാരികളായി പദയാത്രയിൽ സംബന്ധിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. തീർത്ഥാടനപദയാത്ര കടന്നുപോകുന്ന വഴികളിൽ പദയാത്രയ്ക്ക് ആശംസകൾ അർപ്പിച്ചുകൊണ്ടുള്ള ബാനറുകളും കട്ടൗട്ടുകളും ക്രമീകരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ

**എം.സി.വൈ.എം. അർദ്ധവാർഷിക സെനറ്റ് സമ്മേളനം-ജൂലൈ 28 ശനി, മലങ്കര കത്തോലിക്കാ ദൈവാലയം, നാരങ്ങാനം**

വൈദികജില്ലകളുടെയും രൂപതയുടെയും അർദ്ധവാർഷിക പ്രവർത്തനങ്ങളെ വിലയിരുത്തുവാനുള്ള അർദ്ധവാർഷിക സെനറ്റ് സമ്മേളനം ജൂലൈ 28 ശനിയാഴ്ച 9 മുതൽ നടക്കും. എല്ലാ വൈദിക ജില്ലകളിലെയും സെനറ്റ് അംഗങ്ങൾ പങ്കെടുക്കുമല്ലോ.


## ബൈബിൾ അപ്പോസ്തലേറ്റ്

### ലോഗോസ് ക്വിസ് 2014

എല്ലാ പ്രായക്കാരിലും ദൈവവചനപഠനം പ്രോൽസാഹിപ്പിക്കുവാൻ കേരള കാതലിക് ബൈബിൾ സൊസൈറ്റി നടത്തുന്ന ലോഗോസ് ക്വിസ് 2014 ന്റെ രജിസ്ട്രേഷൻ ജൂൺ 1 മുതൽ ജൂലൈ 31 വരെ മാത്രമാണ്. നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും ഈ മത്സരത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പ്രായത്തെ അടസ്ഥാനമാക്കി A, B, C, D, E, F എന്നി 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്ല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലാണ്.

A - വിഭാഗം 01-01-2003 നു ശേഷം ജനിച്ചവർ

B - വിഭാഗം 01-01-1998 നും 31-12-2002 നും ഇടയിൽ ജനിച്ചവർ



C - വിഭാഗം 01-01-1983 നും 31-12-1997 നും ഇടയിൽ ജനിച്ചവർ

D - വിഭാഗം 01-01-1963 നും 31-12-1982 നും ഇടയിൽ ജനിച്ചവർ

E - വിഭാഗം 01-01-1950 നും 31-12-1962 നും ഇടയിൽ ജനിച്ചവർ

F - വിഭാഗം 01-01-1949 നു മുമ്പ് ജനിച്ചവർ

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 10- രൂപ. ഈ വർഷം മുതൽ ലോഗോസ് ലഘു പഠനത്തിന്റെ പ്രിന്റ് രൂപം ഉണ്ടായിരിക്കുന്നതല്ല.


**മത്സരത്തിൽ പാഠഭാഗങ്ങൾ:**

1. ലേവ്യർ 15 മുതൽ 27 വരെ
2. ലൂക്കോസ് 13 മുതൽ 24 വരെ
3. യോഹന്നാൻ എഴുതിയ രണ്ടും മൂന്നും ലേഖനങ്ങൾ

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി ബൈബിളും ഇംഗ്ലീഷിൽ NRSV ബൈബിളും ആണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2014 സെപ്റ്റംബർ 28-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്. രൂപതാതല വിജയികൾക്കായുള്ള (3 x 6 = 18). സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2014 നവംബർ 29,30 തീയതികളിൽ ആയിരിക്കും. സംസ്ഥാനതല എഴുത്തുപരീക്ഷ നവംബർ 29 ന് രാവിലെ 9.30 ന് ആരംഭിക്കും.

**നിങ്ങൾ ചെയ്യേണ്ടത്**

1. രജിസ്ട്രേഷൻ ഫീസ് 10 രൂപ നൽകി അതാത് ഇടവകയിലെ ബഹു. വികാരി/സ്ഥാപനത്തിലെ ചുമതലപ്പെട്ടയാൾ (ഇവർ നിയോഗിക്കുന്ന ലോഗോസ് ക്വിസ് കോ-ഓർഡിനേറ്റർ) വഴി 2014 ജൂലൈ 31 നകം രജിസ്റ്റർ ചെയ്യുക.
2. ഓരോ പ്രായഗ്രൂപ്പ് ലിസ്റ്റിലും പേരുകളുടെ ഇടതുവശത്ത് ക്രമമ്പർ എഴുതണം. ഭദ്രാസനകേന്ദ്രത്തിൽ നൽകുന്ന പകർപ്പ് അതാത് കേന്ദ്രങ്ങൾ സൂക്ഷിക്കണം. ഭദ്രാസനകേന്ദ്രത്തിൽ നൽകുന്ന ലിസ്റ്റിന്റെ കൂടെ ഈ അറിയിപ്പിന്റെ കൂടെ ചേർത്തിട്ടുള്ള ഫേസിംഗ് ഷീറ്റിൽ



പൂരിപ്പിച്ച് ചേർത്തിരിക്കണം. ഫേസിംഗ് ഷീറ്റിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായി നൽകാത്ത ലിസ്റ്റ് നിരാകരിക്കുന്നതാണ്.

3. ബഹു.വികാരി/കോ-ഓർഡിനേറ്റർ ലിസ്റ്റ്, രജിസ്ട്രേഷൻ ഫീസ് ഉൾപ്പെടെ 2014 ആഗസ്റ്റ് 4 ന് അകം ബൈബിൾ പ്രേക്ഷിത കാര്യാലയ ഡയറക്ടർ ഫാ. സഖറിയാസ് നെടിയകാലായിലിന് ലഭ്യമാക്കണം/ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിന് സമീപമുള്ള സെന്റ് പീറ്റേഴ്സ് സെന്ററിൽ ലിസ്റ്റും രജിസ്ട്രേഷൻ തുകയും ഒരു കവറിനുള്ളിൽവച്ച് ഒട്ടിച്ച് ഏൽപ്പിച്ചാൽ മതിയാകും. കവറിന്റെ പുറത്ത് ഇടവകയുടെ/ സ്ഥാപനത്തിന്റെ പേര്, ലോഗോസ് ക്വിസിന് ചേർന്നിട്ടുള്ളവരുടെ ആകെ എണ്ണം എന്നിവ വ്യക്തമായി എഴുതിയിരിക്കണം.


4. രജിസ്ട്രേഷൻ ഫീസിന്റെ രസീത് ആവശ്യമുള്ളവർ കവറിന്റെ മുകളിൽ എഴുതിയാൽ ലോഗോസ് ക്വിസ് പരീക്ഷയ്ക്കുള്ള പേപ്പറുകളുടെ കൂടെ അയച്ച് കൊടുക്കുന്നതാണ്.

5. രജിസ്ട്രേഷൻ ഫീസ് ചേർത്ത് രേഖാമൂലമുള്ള രജിസ്ട്രേഷൻ ആഗസ്റ്റ് 4 ന് മുൻപ് നൽകുന്ന രജിസ്ട്രേഷൻ മാത്രമേ സ്വീകരിക്കുകയുള്ളു എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ബൈബിൾ പ്രേക്ഷിത കാര്യാലയഡയറക്ടർ
ഫാ.സഖറിയാസ് നെടിയകാലായിൽ
സെന്റ് ബഹനാൻസ് മലങ്കര കത്തോലിക്കാ ദൈവാലയം
വാഴമുട്ടം പി.ഒ 689647
ഓമല്ലൂർ, പത്തനംതിട്ട
Phone- 0468 2272255, Mobile- 9447561740

## സുവിശേഷസംഘം-തുടർപരിശീലന ക്ലാസുകൾ

റാന്നി- പെരുനാട് വൈദികജില്ലയുടെയും ഉപജില്ലയുടെയും സുവിശേഷസംഘത്തിന്റെ തുടർപരിശീലന ക്ലാസുകൾ വളരെ നന്നായി നടക്കുന്നതിൽ സന്തോഷവും വൈദികരുടെ പ്രോത്സാഹനത്തിനും പ്രാർത്ഥനയ്ക്കും നന്ദി. സുവിശേഷസംഘത്തിന്റെ അടുത്ത തുടർപരിശീലന ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത് **ജൂലൈ മാസം**



**26-ാം തീയതി (9 മണി മുതൽ 4.00വരെ) സെന്റ് മേരീസ് മലങ്കര കത്തോലിക്കാപള്ളി, മേക്കൊഴൂരിൽ** വച്ചാണ്. പ്രസ്തുത കൂട്ടായ്മ യിൽ രൂപതാതല അംഗങ്ങളും സംബന്ധിക്കുന്നതാണ്.

**സുവിശേഷസംഘ ധ്യാനം**

സീതത്തോട്ടിൽവച്ച് ജൂൺ 26 മുതൽ 29 വരെ സുവിശേഷസം ഘത്തിന്റെ ഭാഗമായി ഭവനസന്ദർശനവും മദ്ധ്യസ്ഥപ്രാർത്ഥനയും അതേതുടർന്ന് 29-ാം തീയതി ധ്യാനവും നടത്തി.

## അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റി


anugraha

## T.B Awarness Programme

1. Catholic Health Association of India (CHAI) യുടെ സഹകരണത്തോടുകൂടി അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി ക്ഷയരോഗ നിയന്ത്രണ നിവാരണ പദ്ധതി നടപ്പിലാക്കുന്നു. ജൂൺ 24-ാം തീയതി ഉപാസന പാസ്റ്ററൽ സെന്ററിൽവച്ച് ജില്ലയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് ടി.അംഗങ്ങൾക്ക് ജില്ല അക്ഷയ പ്രോജക്ട് കോ- ഓർഡിനേറ്റർ ശ്രീ. ശാന്തിലാൽ ക്ലാസ് നൽകി.

2. **കൂൺകൃഷിയിൽ പരിശീലനം**
   ജൂൺ 21-ാം തെള്ളിയൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽവച്ച് കൂൺ കൃഷിയിൽ പരിശീലനം നൽകി. അതോടൊപ്പം കൃഷിയുടെ വിവിധ സാദ്ധ്യതകൾ മനസ്സിലാക്കാനുള്ള ഒരു കാർഷിക പഠനയാത്രയും ക്രമീകരിച്ചു.

3. ആദിവാസി ഊരുകൾക്ക് സഹായഹസ്തവുമായി അനുഗ്രഹ കാലവർഷ കെടുതിയിൽ ദുരിതമനുഭവിക്കുന്ന ചാലക്കയം ആദിവാസി മേഖലയിൽ അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭക്ഷ്യധാന്യങ്ങളും പാർപ്പിട നിർമ്മാണ സാമഗ്രഹികളും വിതരണം ചെയ്തു. ജില്ലാട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീ



സർ ശ്രീ.ഒ.റ്റി.റഷിദ്, പഞ്ചായത്ത് വാർഡ് മെമ്പർ ശ്രീമതി. യമുന, ഡയറക്ടർ ഫാ.വർഗീസ് ചാമക്കാലായിൽ, അനുഗ്രഹയുടെ പ്രവർത്തകർ തുടങ്ങിയവർ സംബന്ധിച്ചു.

**4. ശാസ്ത്രിയ മുയൽ വളർത്തൽ പരിശീലനം**

അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ചീക്കനാൽ ആശ്വാസഭവനിലെ മാനസിക വൈകല്യങ്ങളുള്ള കുഞ്ഞുങ്ങളുടെ മാതാപിതാക്കന്മാർക്കുവേണ്ടി വരുമാനദായകമായ മുയൽ വളർത്തലിനെപ്പറ്റി പരിശീലനം നൽകി.

## ആശംസകൾ...

**Date of Birth**

ഫാ.ബഥേൽ ഡാനിയേൽ
6/07/1986

ഫാ.ജോർജ്ജ് വർഗീസ് പുതുപ്പറമ്പിൽ
11/07/1982

റൈറ്റ്.റവ. ഡാനിയേൽ വടക്കേക്കര കോറെപ്പിസ്കോപ്പാ
12/07/1930

ഫാ. ഏബ്രഹാം പാറപ്പള്ളിൽ
28/07/1978

## സ്മരണിയ ദിനങ്ങൾ

**ജൂലൈ 3 വ്യാഴം**
ദുക്റാനാ തിരുനാൾ

**ജൂലൈ 3 വ്യാഴം**
ജോസഫ് മാർ തോമസ് തിരുമേനിയുടെ നാമഹേതുകതിരുനാൾ


**ജൂലൈ 6 ഞായർ**
കുടുംബദിനം

**ജൂലൈ 7 തിങ്കൾ**
പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെ ഓർമ്മ

**ജൂലൈ 15 ചൊവ്വ**
ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ


**ജൂലൈ 17 വ്യാഴം**
തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം

**ജൂലൈ 28 ശനി**
വി.അൽഫോൻസാമ്മ



**മെത്രാഭിഷേക വാർഷികം ആചരിക്കുന്ന**
**തോമസ് മാർ കൂറിലോസ് തിരുമേനിക്ക്**

July 17



**പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ**


**നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന**
**ജോസഫ് മാർ തോമസ് പിതാവിന്**




July 3

**പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ**


## പത്തനംതിട്ട ഭദ്രാസനത്തിന്റെ അനുമോദനങ്ങൾ



പത്തനംതിട്ട ഭദ്രാസന പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി
(അത്മായ സെക്രട്ടറി)യായി തെരഞ്ഞെടുക്കപ്പെട്ട
**ശ്രീ. പി.കെ. ജോസഫ് മേലേക്കുറ്റ്.**
മലങ്കര കാത്തലിക് അസോസിയേഷൻ ഭദ്രാസന പ്രസിഡന്റ്,
നിർദ്ധന രോഗീസഹായ പദ്ധതിയായ
സെന്റ് പീറ്റേഴ്സ് ഹാൻഡ് ഡയറക്ടർ,
ജൂനിയർ റെഡ്ക്രോസ് കൺവീനർ
എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.



## ജൂലൈ 28
# St. Alphonsa Day



***Pray for Us***


സപ്തതി
പ്രാർത്ഥനാമംഗളങ്ങൾ...







പത്തനംതിട്ട ഭദ്രാസനത്തിലെ വൈദികരുടെ കൂട്ടായ്മ

Shalom PTA. 0468 2220110